പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5042      04.07.2012 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ തുരുമ്പെടുത്തു നശിക്കുന്ന വാഹനങ്ങൾ

| ചോദ്യം<br>ശ്രീമതി കെ.എസ്. സലീഖ | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം നടത്തിയതുവഴി എത്ര രൂപയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2,85,76,391 രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പിടിച്ചെടുത്ത വാഹനങ്ങൾ തുരുമ്പെടുത്തുകിടക്കുന്നത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കേസുകളിൽ ഉൾപ്പെടാത്ത ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുന്നത് ലേലം ചെയ്ത് മുതൽക്കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം തുരുമ്പെടുത്ത് കിടക്കുന്ന വാഹനങ്ങളുടെ കൂട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ എത്ര വാഹനങ്ങൾ ഉണ്ടെന്നും ആയത് ഏതൊക്കെ പോലീസ് സ്റ്റേഷനിലാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ? | (സി) | ഒന്ന്. കൊള്ളവല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 111/99 ൽ ഉൾപ്പെട്ട ഒരു പോലീസ് ബസ്. ഇത് വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഹർജി ബഹു. കോടതി തീർപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ